**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കോഴിക്കോട് ജില്ലാ പഞ്ചായത്തിൽ നല്ലളം വ്യവസായ എസ്റ്റേറ്റിൽ റീ.സർവെ നം. 137/A1 പാർട്ടിൽ വരുന്ന 21.66 സെന്റ് ഭൂമിയുൾപ്പെട്ട പ്ലോട്ട് നം.12 വ്യാവസായിക ആവശ്യത്തിനായി മാത്രം ശ്രീ.ജംഷിദ് അറ്റാശ്ശേരിയ്ക്ക് രജിസ്റ്റർ ചെയ്ത് നൽകുന്നതിന് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയ്ക്ക് അനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്**

സ.ഉ(സാധാ) നം.1263/2021/ത.സ്വ.ഭ.വ തിരുവനന്തപുരം,തിയ്യതി :06/07/2021

---

പരാമർശം:-
1) ജി.ഒ(ആർ.ടി) നം.3760/1998/ത.സ്വ.ഭ.വ. തിയ്യതി 13.12.1998.
2) ജി.ഒ(ആർ.ടി) നം.1244/2006/ഐ.ഡി തിയ്യതി 06.11.2006.
3) ജി.ഒ(ആർ.ടി) നം.1566/2007/ത.സ്വ.ഭ.വ. തിയ്യതി 31.05.2007.
4) കോഴിക്കോട് ജില്ലാ പഞ്ചായത്ത് ഭരണ സമിതിയുടെ 28.12.2017 ലെ 92/17(1) നമ്പർ തീരുമാനം.
5) ജില്ലാ വ്യവസായ കേന്ദ്രം മാനേജറുടെ 13.01.2020 തിയ്യതിയിലെ കത്ത്
6) കോഴിക്കോട് ജില്ലാപഞ്ചായത്ത് സെക്രട്ടറിയുടെ 23.01.2020 തിയ്യതിയിലെ പി7-3550/15 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കോഴിക്കോട് ജില്ലാ പഞ്ചായത്തിൽ വ്യവസായ എസ്റ്റേറ്റ് നിർമ്മിക്കുന്നതിനായി 9.72 ഏക്കർ ഭൂമി അക്വയർ ചെയ്യുന്നതിന് പരാമർശം (1) പ്രകാരം സർക്കാർ അനുമതി നൽകുകയും ജില്ലാ പഞ്ചായത്ത് 70 ലക്ഷം രൂപ ചെലവഴിച്ച് ഭൂമി അക്വയർ ചെയ്ത് എടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തു. പരാമർശം (2) പ്രകാരം പ്രസ്തുത ഭൂമി വ്യവസായിക ആവശ്യത്തിനുള്ള Industrial Development Plot ആയി പ്രഖ്യാപിക്കുകയുണ്ടായി. പരാമർശം (3) ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ചെറുവണ്ണൂർ നല്ലളം മിനി എസ്റ്റേറ്റിലെ പ്ലോട്ടുകൾ വ്യവസായികൾക്ക് വിൽപ്പനയ്ക്കും ഹയർ പർച്ചേസിനും നൽകുന്നതിനുള്ള നിയമാവലി സർക്കാർ അംഗീകരിക്കുകയും ചെയ്തു. പ്രസ്തുത നിയമാവലിയിലെ ഖണ്ഡിക 19 പ്രകാരം വ്യവസായം തുടങ്ങിയ ശേഷം അലോട്ടിയ്ക്ക് അനുവദിക്കപ്പെട്ട ഭൂമിയുടെ വിലയായ മുഴുവൻ തുകയും അടച്ച് തീർക്കുന്ന മുറയ്ക്ക് ഭൂമി പതിച്ച് നൽകപ്പെടുന്നതിന് ആവശ്യമായ രേഖകൾ സഹിതമുള്ള അപേക്ഷ അലോട്ടി ജില്ലാ പഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്.

(2) വ്യവസായ എസ്റ്റേറ്റിലെ പ്ലോട്ട് നമ്പർ 12 ന്റെ ഉടമയായ ശ്രീ.ജംഷിദ് അറ്റാശ്ശേരി, ഹൈവ്, ബി.സി.റോഡ്, ചെറുവണ്ണൂർ, ഫറൂക്ക് കോഴിക്കോട് എന്നവർ, ടിയാൾക്ക് അനുവദിച്ച പ്ലോട്ടിന്റെ മുഴുവൻ തുകയും അടച്ചുതീർത്തതിനാൽ ഭൂമിയുടെ അവകാശം ടിയാളുടെ പേരിലേക്ക് രജിസ്റ്റർ ചെയ്ത് നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കോഴിക്കോട് ജില്ലാ പഞ്ചായത്തിന് അപേക്ഷ സമർപ്പിക്കുകയുണ്ടായി. മുഴുവൻ തുകയും അടച്ച് തീർത്ത പ്ലോട്ട് ഉടമകൾക്ക് പ്ലോട്ട് ഭൂമിയുടെ അവകാശം പതിച്ച് നൽകുന്നതിന് ജില്ലാ വ്യവസായ കേന്ദ്രം മാനേജരുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്നതിന് കോഴിക്കോട് ജില്ലാ

പഞ്ചായത്ത് ഭരണസമിതി പരാമർശം (4) പ്രകാരമുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ശ്രീ.ജംഷിദ് അറ്റാശ്ശേരി ടിയാൾ അടക്കേണ്ടുന്ന മുഴുവൻ തുകയും അടച്ചുതീർത്തതിനാൽ ടിയാൾക്ക് പ്രസ്തുത ഭൂമിയുടെ (പ്ലോട്ട്-12 - റീസർവ്വേ നമ്പർ 137/A1 പാർട്ടിൽപ്പെട്ട 21.66 സെന്റ് വസ്തു) അവകാശം രജിസ്റ്റർ ചെയ്ത് നൽകാവുന്നതാണെന്ന് പരാമർശം (5) പ്രകാരം ജില്ലാ വ്യവസായ കേന്ദ്രം മാനേജർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്.

(3) പഞ്ചായത്തുകളുടെ കൈവശമുള്ള ഭൂമി കൈമാറുന്നതിന് മുൻപ് സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതി ആവശ്യമാണെന്ന് 2005 - ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജിക്കലും കയ്യൊഴിയലും) ചട്ടങ്ങളിലെ ചട്ടം 6 - ൽ നിഷ്കർഷിച്ചിട്ടുള്ളതിൻ പ്രകാരം ചെറുവണ്ണൂർ - നല്ലളം വ്യവസായ എസ്റ്റേറ്റിലെ പ്ലോട്ട് നമ്പർ 12 ന്റെ ഉടമയായ ശ്രീ. ജംഷിദ് അറ്റാശ്ശേരി ഹൈവ്, ബി.സി.റോഡ്, ചെറുവണ്ണൂർ, ഫറൂക്ക്, കോഴിക്കോട് എന്നവർ ടിയാൾക്ക് അനുവദിച്ച പ്ലോട്ടിന്റെ മുഴുവൻ തുകയും അടച്ചതീർത്തതിനാൽ പ്ലോട്ട് ഭൂമിയുടെ (പ്ലോട്ട് 12 -റിസർവ്വേ നമ്പർ 137/A1 പാർട്ടിൽപ്പെട്ട 21.66 സെന്റ് വസ്തു) ഉടമസ്ഥത അവകാശം ടിയാളുടെ പേരിലേക്ക് വ്യാവസായിക ആവശ്യത്തിനായി മാത്രം രജിസ്റ്റർ ചെയ്ത് നൽകുന്നതിന് അനുമതി നൽകി ഉത്തരവാകണമെന്ന് പരാമർശം (6) പ്രകാരം ജില്ലാ പഞ്ചായത്ത് സെക്രട്ടറി സർക്കാരിനോട് അഭ്യർത്ഥിച്ചിരിക്കുന്നു.

(4)സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള നല്ലളം വ്യവസായ എസ്റ്റേറ്റിൽ ഉൾപ്പെടുന്ന പ്ലോട്ട് നം.12 ( റീ.സർവെ നം.137/A1 പാർട്ടിൽപ്പെട്ട 21.66 സെന്റ് ഭൂമി), പരാമർശം (3) പ്രകാരമുള്ള നിയമാവലിയ്ക്കും ബാധകമായ മറ്റ് നിബന്ധനകൾക്കും ചട്ടങ്ങൾക്കും അനുസൃതമാണോ എന്നത് പരിശോധിച്ച് ഉറപ്പുവരുത്തി, ശ്രീ. ജംഷിദ് അറ്റാശ്ശേരി, ഹൈവ്, ബി.സി.റോഡ്, ചെറുവണ്ണൂർ, ഫറൂക്ക്, കോഴിക്കോട് എന്ന വ്യക്തിയുടെ പേരിലേയ്ക്ക് വ്യാവസായിക ആവശ്യത്തിലേയ്ക്കായി മാത്രം രജിസ്റ്റർ ചെയ്ത് നൽകുന്നതിന് കോഴിക്കോട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയ്ക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ബിശ്വനാഥ് സിൻഹ**
**പ്രിൻസിപ്പൽ സെക്രട്ടറി**

ജില്ലാ പഞ്ചായത്ത് സെക്രട്ടറി, കോഴിക്കോട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്- I / ഓഡിറ്റ്-II), കേരള, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം, കോഴിക്കോട്.
എക്സിക്യൂട്ടീവ് ഡയറക്ടർ. ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി(ആർസി4/241/2020/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Bindu T

സെക്ഷൻ ഓഫീസർ